പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 852 — 05.02.2020 - ലെ മറുപടിയ്ക്ക്

## പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണ്ണ് നീക്കം ചെയ്യുന്നതിന് നടപടി

| | ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | റാന്നി ഡിവിഷനിലെ പമ്പ-ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്ന് അടിഞ്ഞ് കൂടി നദികളുടെ ഒഴുക്ക് തടസ്സപ്പെട്ടിട്ടുണ്ടോ; | (എ) | റാന്നി ഡിവിഷനിലെ പമ്പ - ത്രിവേണി ഭാഗത്ത് പ്രളയത്തിൽ മണ്ണ് വന്ന് അടിഞ്ഞ് കൂടി നദികളുടെ ഒഴുക്ക് തടസ്സപ്പെട്ടിരുന്നു. |
| (ബി) | പ്രസ്തുത മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ, എങ്കിൽ എത്ര ക്യൂബിക് മീറ്റർ മണലാണ് നീക്കം ചെയ്തത്; | (ബി) | മണൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രളയത്തിൽ പമ്പ നദിയിൽ അടിഞ്ഞു കൂടിയ മണലും ചെളിയും അവശിഷ്ടങ്ങളിൽ നിന്നും 90000 M3 ഓളം അളവ് നീക്കം ചെയ്ത് സുരക്ഷിതമായി പമ്പ-ഹിൽടോപ്പ്, ചക്കപാലം 1 എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളതാണ്. ഇപ്രകാരം നിക്ഷേപിക്കപ്പെട്ടിട്ടുള്ള അളവിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് 2287.10 M3 മണലും മറ്റ് സ്വകാര്യ സ്ഥാപനങ്ങൾ 2432 M3 മണലും നീക്കം ചെയ്തിട്ടുള്ളതാണ്. കൂടാതെ 1000 M3 മണൽ ഇ-ലേലത്തിലൂടെ റീട്ടെയിൽ വില്പനയ്ക്കായി അരീക്കക്കാവ് ഡിപ്പോയിലേക്ക് മാറ്റിയിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച് ദേവസ്വം ബോർഡും വനം വകുപ്പും തമ്മിൽ എന്തെങ്കിലും തർക്കം ഉണ്ടായിരുന്നോ; എങ്കിൽ തർക്കം എപ്രകാരമാണ് പരിഹരിച്ചതെന്ന് അറിയിക്കാമോ? | (സി) | തർക്കം ഉണ്ടായിരുന്നതും പിന്നീട് പരിഹരിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവുകൾ (06.02.2019 ലെ GO(Rt)No.48/2019/F&WLD, 13.05.2019 ലെ GO(Rt)No. 169/2019/ F&WLD & 22.05.2019 ലെ GO(Rt)No. 12/2019/F&WLD) പ്രകാരം പമ്പ നദിയിൽ അടിഞ്ഞു കൂടിയ മണലിൽ നിന്നും വാരിക്കൂട്ടി ശേഖരിച്ച 90000 M3 ൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 20000 M3 മണൽ സൗജന്യമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>18.05.2019 ലെ പത്തനംതിട്ട ജില്ലാ കളക്ടറുടെ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ എന്ന നിലയിലുള്ള ഉത്തരവിൽ പമ്പ-ത്രിവേണിയിലെ ആറാട്ട്കടവ് ഭാഗത്ത് നിന്നും പ്രളയാനന്തരം അടിഞ്ഞു കൂടിയ 20000 M3 മണൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിക്കാനും, വനപരിധിക്ക് പുറത്തേക്ക് കൊണ്ടു പോകാൻ പാടില്ലെന്നും, ടി മണൽ നീക്കം ചെയ്യുന്നതിന് വനം, റവന്യൂ, ഇറിഗേഷൻ വകുപ്പുകളുടെ മേൽ നോട്ടത്തിൽ ആയിരിക്കണമെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ, ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പകരം 22.05.2019 തീയതി മുതൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പമ്പ-ത്രിവേണിയിലെ ആറാട്ടുകടവ് ഭാഗത്ത് നിന്നും 86 M3 മണൽ ശേഖരിച്ച് നേരിട്ട് നിർമ്മാണ സ്ഥലങ്ങളിലേക്ക് കൊണ്ടു പോകുകയുണ്ടായി. ആറാട്ടുകടവ് ഭാഗം പെരിയാർ ടൈഗർ റിസർവ്വിന്റെ പരിധിയിലാണ്. ഇവിടെ അടിഞ്ഞു കൂടിയതിൽ നിന്നും വാരിക്കൂട്ടിയ മണൽ, മേൽ സർക്കാർ ഉത്തരവുകൾ പ്രകാരം സൗജന്യമായി കൊടുക്കുവാൻ അനുമതി നൽകിയിട്ടുള്ളതായ മണലിൽ ഉൾപ്പെടുന്നതല്ല. ടൈഗർ റിവർവ്വിൽ നിന്നും മണൽ നീക്കം ചെയ്യുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. പെരിയാർ ടൈഗർ റിസർവ്വിൽ ഉൾപ്പെട്ട സ്ഥലത്ത് നിന്നും ശേഖരിച്ച മണൽ ദുരന്തനിവാരണ അതോറിറ്റിയുടെ 18.05.2019 ലെ ഉത്തരവ് പ്രകാരം സുരക്ഷിതമായി സൂക്ഷിക്കുന്നതിന് പകരം, നിർമ്മാണ സ്ഥലങ്ങളിലേക്ക് കൊണ്ടുപോയ ദേവസ്വം ബോർഡിന്റെ ടി പ്രവർത്തിയാണ് വനം വകുപ്പ് അനുവദിക്കാതിരുന്നത്. പ്രളയാനന്തരം അടിഞ്ഞുകൂടി ശേഖരിച്ച 90000 M3 മണലിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് 06.02.2019, 13.05.2019, 22.05.2019 തീയതികളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം സൗജന്യമായി അനുവദിച്ചിട്ടുള്ള 20000 M3 മണൽ നീക്കം ചെയ്യാൻ ദേവസ്വം ബോർഡ് തുടങ്ങിയിട്ടുള്ളതും വനം വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും തമ്മിലുള്ള തർക്കം മാറിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ